**File No.LSGD-EU2/24/2020-LSGD**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊല്ലം നഗരസഭയിൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ഡിന്നി ലത്തീഫ് - നിരീക്ഷണകാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.649/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/03/2020

പരാമർശം:- 1 നഗരകാര്യ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ 16.12.2019തിയതിയിലെ ഇ7-21724/2019 നമ്പർ ഉത്തരവ്.

2 നഗരകാര്യഡയറക്ടറുടെ 16.12.2019 തിയതിയിലെ ഇ7-21724/2018 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 19.12.2007ൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ഡിന്നി ലത്തീഫ്, ടി തസ്തികയിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് 30.07.2013 ൽ നടന്ന പരീക്ഷയിൽ ആണ് വിജയിച്ചിട്ടുള്ളത് എന്നതിനാൽ പരീക്ഷ പാസ്സായ തീയതിക്ക് അനുസൃതമായി ടിയാളുടെ നിരീക്ഷണ കാലയളവ് കെ.എസ്&എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് നൽകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം ഒന്ന് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. 19.12.2007ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ഡിന്നി ലത്തീഫ് ഈ തസ്തികയിൽ രണ്ടുവർഷത്തെ സേവനം പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (19.12.2010വരെ) ടിയാളുടെ നിരീക്ഷണകാലം, പരാമർശം 2 പ്രകാരം നിയമനാധികാരി (നഗരകാര്യഡയറക്ടർ) ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ19.12.2007തീയതിയിൽ എൽ.ഡി.ക്ലാർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ഡിന്നി ലത്തീഫ് 30.07.2013തീയതിയിൽ നടന്ന പരീക്ഷയിലാണ് ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി.പരീക്ഷ പാസ്സായത് എന്നതിനാൽ ടിയാളുടെ നിരീക്ഷണകാലം 31.07.2013പൂർവ്വാഹ്നത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നഗരകാര്യഡയറക്ടർക്ക് പ്രഖ്യാപിക്കാൻ സാധിക്കത്തക്ക രീതിയിൽ, നിയമനാധികാരി നിരീക്ഷണകാലം ദീർഘിപ്പിച്ച് നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 20.12.2010 മുതൽ 01.08.2013വരെ, കെ.എസ്.& എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ.ഡിന്നി ലത്തീഫ്, എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ, കൊല്ലം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കൊല്ലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ